പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5569 — 27-03-2018-ൽ മറുപടിക്ക്

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ</th><th colspan="2">മറുപടി<br>ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി)</th></tr>
<tr><td>(എ)</td><td>കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥാവകാശം ഏത് വകുപ്പിനാണെന്ന് വിശദീകരിക്കുമോ;</td><td>(എ)</td><td>കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥാവകാശം ഗ്രാമ വികസന വകുപ്പിനാണ്.</td></tr>
<tr><td>(ബി)</td><td>ഇവിടെ എന്തെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാമോ;</td><td>(ബി)</td><td>മത ന്യൂനപക്ഷ യുവജനങ്ങൾക്ക് സൗജന്യ പി.എസ്.സി പരിശീലനം നൽകുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനം, നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസിന്റെ രണ്ടു കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു.</td></tr>
<tr><td>(സി)</td><td>ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ:</td><td>(സി)</td><td>ടി കെട്ടിടത്തിൽ പ്രവർത്തനാനുമതി ആവശ്യപ്പെട്ട് അപേക്ഷിച്ച സ്ഥാപനങ്ങളും പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച് നടപടികളും
<table>
<tr><th></th><th>സ്ഥാപനത്തിന്റെ പേര്</th><th>നടപടി</th></tr>
<tr><td>i</td><td>കരുനാഗപ്പള്ളി കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്</td><td>രണ്ടു കെട്ടിടങ്ങൾ താൽക്കാലികമായി വിട്ടു നൽകിയിട്ടുണ്ട്</td></tr>
<tr><td>ii</td><td>ശ്രുതി കലാ സാംസ്കാരിക പഠന കേന്ദ്രം, കരുനാഗപ്പള്ളി</td><td>കരുനാഗപ്പള്ളി കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്തിന് വിട്ടു നൽകിയ കെട്ടിടങ്ങൾ തന്നെയാണ് ടി സ്ഥാപനവും ആവശ്യപ്പെട്ടതെന്നതിനാൽ അനുമതി നൽകിയിട്ടില്ല.</td></tr>
<tr><td>iii</td><td>കരുനാഗപ്പള്ളി ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസിനായി ശിശു വികസന പദ്ധതി ആഫീസറുടെ അപേക്ഷ</td><td>സ.ഉ.(സാധാ) 2754/17/ത.സ്വ.ഭ.വ 07-08-2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.സി.ഡി.എസ് ഓഫീസ് പ്രവർത്തിക്കുന്നതിന് ഒരു</td></tr>
</table>
</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | | കെട്ടിടം താത്കാലികമായി വിട്ടു നൽകിയിട്ടുണ്ട്. |
| | | | iv | തൊടിയൂർ വില്ലേജ് ആഫീസിനായി കൊല്ലം ജില്ലാ കളക്ടറുടെ കത്ത് | കെട്ടിടം ഐ.സി.ഡി.എസ് ഓഫീസിനായി വിട്ടു നൽകിയിട്ടുള്ള വിവരം കൊല്ലം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. |
| | | | V | ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപിച്ചിട്ടുള്ള തൊടിയൂർ ഗ്രാമ പഞ്ചായത്തിലെ വീടുകളിൽനിന്ന് ശേഖരിക്കുന്ന വൃത്തിയാക്കിയ പ്ലാസ്റ്റിക് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതുവരെ സൂക്ഷിക്കുന്നതിനായി വീട്ടുകിട്ടുന്നതിന് തൊടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് | കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ഷട്ടർ കതകുകളോടുകൂടിയ 2 മുറി കെട്ടിടം ടി ആവശ്യത്തിന് നൽകുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് പദ്ധതിയുണ്ടോ: വിശദീകരിക്കുമോ? | (ഡി) | പ്ലാസ്റ്റിക് ശേഖരണത്തിനായി ഷട്ടറുകളോടുകൂടിയ 2 മുറികൾ ആവശ്യപ്പെട്ടുകൊണ്ട് തൊടിയൂർ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണറുടെ പരിഗണനയിലാണ്. മറ്റ് നിർദ്ദേശങ്ങൾ ഇല്ല. | | |

**സെക്ഷൻ ഓഫീസർ**